പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി

87 [2977] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി കോഴ്സുകളിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഇതിന് യോഗ്യതയുള്ള അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) പുതുതായി കോഴ്സനുവദിച്ച സ്കൂളുകളിലേക്ക് ഇവർക്ക് നിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് അദ്ധ്യാപക നിയമനം നടത്തുന്നത് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ്.

(ബി) നിലവിൽ ഇല്ല. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ താമസിയാതെ ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്കാണ് പി.എസ്.സി. ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പി.എസ്.സി. അഡൈസ് ചെയ്യുന്നവർക്ക് നിയമനം നൽകിവരുന്നു.

എൽ.പി. സ്കൂളുകളിൽ ബി.എഡ്. അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം

88 [2978] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 5-ാം ക്ളാസ് വരെയുള്ള എത്ര സ്കൂളുകളുണ്ട്.

(ബി) ഇത്തരം സ്കൂളുകളിൽ 5-ാം ക്ളാസിലെ അദ്ധ്യാപകരെ നിയമിക്കാനുള്ള യോഗ്യത എന്താണ് എന്ന് വിശദമാക്കുമോ;

(സി) ചില സ്കൂളുകളിൽ 5-ാം ക്ളാസിലേക്ക് യു.പി. സ്കൂൾ അദ്ധ്യാപകരുടെ യോഗ്യതയായിട്ടുള്ള ബി. എഡ്. യോഗ്യതയുള്ളവരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly